# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 19.09.2026**

### പ്രധാനവാർത്തകൾ

1. രാജ്യത്തെ യുവാക്കളുടെ ഭാവിക്ക് ആവശ്യമായ നൈപുണ്യവികസനവും അവസരങ്ങളും ലഭ്യമാക്കാനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ പ്രചാരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ കടൽത്തീരങ്ങളിൽ വിപുലമായ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു.

3. കൊല്ലം തുറമുഖത്തെ വിഴിഞ്ഞത്തിൻറെ സാറ്റലൈറ്റ് പോർട്ടായി വികസിപ്പിക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ.

4. സംസ്ഥാന സ്കൂൾ കായികമേള ഒക്ടോബറിൽ കോഴിക്കോട്ടും ശാസ്ത്രോത്സവം നവംബറിൽ മണ്ണാർക്കാട്ടും നടക്കും.

5. സംസ്ഥാനത്ത് കനത്ത മഴയ്ക്ക് സാധ്യത. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത. തീരദേശ ജില്ലകളിൽ കള്ളക്കടൽ മൂലമുള്ള കടലാക്രമണത്തിനും സാധ്യത.

6. 20-ാമത് ഏഷ്യൻ ഗെയിംസിന് ജപ്പാനിൽ പ്രൗഢോജ്ജ്വല തുടക്കം.

RNU TVPM

************************

## റോസ്ഗാർ മേള-പി എം (ഇൻട്രോ)

രാജ്യത്തെ യുവാക്കളുടെ ഭാവിക്ക് ആവശ്യമായ നൈപുണ്യ വികസനവും അവസരങ്ങളും ലഭ്യമാക്കുന്നതിൽ കേന്ദ്രസർക്കാർ ശ്രദ്ധ ചെലുത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. 20-ാമത് റോസ്ഗാർ മേളയിൽ വിവിധ സർക്കാർ സ്ഥാപനങ്ങളിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട യുവാക്കൾക്ക് 51,000-ത്തിലധികം നിയമന ഉത്തരവുകൾ വെർച്വലായി വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഇന്ത്യ ഏകദേശം 40 രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകളിൽ ഒപ്പുവെച്ചിട്ടുണ്ട്. ഇത് രാജ്യത്തെ യുവാക്കൾക്ക് അവസരങ്ങളുടെ പുതിയ വാതിലുകൾ തുറന്നുനൽകുമെന്നും പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

(വോയിസ്)

************************

PNU TVPM

## റോസ്ഗാർ മേള കൊച്ചി

കേന്ദ്ര നികുതി, എക്സൈസ്, കസ്റ്റംസ് വകുപ്പുകളുടെ നേതൃത്വത്തിൽ 20-ാമത് ദേശീയ റോസ്ഗാർ മേള കൊച്ചിയിൽ നടന്നു. കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി ചടങ്ങിൽ പങ്കെടുത്തു. സർക്കാർ ഉദ്യോഗസ്ഥർ എപ്പോഴും ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരായിരിക്കണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. കൊച്ചിയിൽ ആദായനികുതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച റോസ് ഗാർ മേള കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധതയാണ് 'റോസ്ഗാർ മേള' പ്രതിഫലിപ്പിക്കുന്നതെന്ന് ശ്രീ സുരേഷ് ഗോപി പറഞ്ഞു.

************************

## പ്രധാനമന്ത്രി - സമ്മേളനം

ആഗോള ശരാശരിയുടെ പകുതിയിൽ താഴെ മാത്രമാണ് ഇന്ത്യയുടെ പ്രതിശീർഷ കാർബൺ ബഹിർഗമനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ 'പരിസ്ഥിതിയുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും ഭാവി' എന്ന വിഷയത്തിൽ ദേശീയ ഹരിത ട്രൈബ്യൂണൽ സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാരീസിൽ നടന്ന COP-21 ഉച്ചകോടിയിൽ നൽകിയ ഉറപ്പുകൾ, നിശ്ചയിച്ച സമയപരിധിക്കുള്ളിൽ വിജയകരമായി നടപ്പാക്കിയ G-20-യിലെ ഏക രാജ്യം ഇന്ത്യയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

************************

RNUTVPM

## സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ

ഇന്ന് അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനം. ദിനാചരണത്തോട് അനുബന്ധിച്ച് സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ന്റെ ഭാഗമായി രാജ്യവ്യാപകമായി കടൽത്തീരങ്ങളിൽ ശുചീകരണ യജ്ഞം നടന്നു.

************************

## സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ൻ-കൊല്ലം

അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി കൊല്ലം ബീച്ചിൽ സംഘടിപ്പിച്ച മെഗാ ശുചീകരണ യജ്ഞം മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം ചെയ്തു. ഒരു മാസത്തെ സ്വച്ഛതാ ഹി സേവ -കയ്യോടു കൈ ജനകീയ ക്യാമ്പയിൻ ജില്ലാതല പ്രവർത്തന ഉദ്ഘാടനവും ഔദ്യോഗിക ലോഗോ പ്രകാശനവും മന്ത്രി നിർവഹിച്ചു.

************************

## സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ-കൊച്ചി (ഇൻട്രോ)

സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ പ്രചാരണത്തിൻറെ ഭാഗമായി പുതുവൈപ്പ് ബീച്ചിൽ കടൽത്തീര ശുചീകരണ പരിപാടി നടത്തി. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലെ സെന്റർ ഫോർ മറൈൻ ലിവിങ് റിസോഴ്സസ് ആൻഡ് ഇക്കോളജിയുടെ നേതൃത്വത്തിലായിരുന്നു പരിപാടി.

**വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ........**

(വോയ്സ്)

************************

## സ്വച്ഛ് ഹി സേവ- തിരുവനന്തപുരം.

സ്വച്ഛത ഹി സേവ 2026-ന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭയുടെയും പള്ളിപ്പുറം സിആർപിഎഫ് ഗ്രൂപ്പ് സെന്ററിന്റെയും വിവിധ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരം ശംഖുമുഖം ബീച്ചിലും അനുബന്ധ തീരദേശ മേഖലകളിലും ശുചീകരണ പ്രവർത്തനം സംഘടിപ്പിച്ചു. ശംഖുമുഖം ബീച്ചിൽ നടന്ന ശുചീകരണം മേയർ വി വി രാജേഷ് ഉദ്ഘാടനം ചെയ്തു. വിഴിഞ്ഞം കോസ്റ്റ് ഗാർഡ് സ്റ്റേഷന്റെ നേതൃത്വത്തിൽ കോവളം കടൽതീരത്ത് ശുചീകരണ പരിപാടി സംഘടിപ്പിച്ചു.

RNU TVPM

************************

## സ്വച്ഛ് ഹി സേവ-കോഴിക്കോട്, കണ്ണൂർ

കോഴിക്കോട് ബീച്ചിൽ നടന്ന തീര ശുചീകരണ പരിപാടി മേയർ ഒ സദാശിവൻ ഉദ്ഘാടനം ചെയ്തു. തീര സംരക്ഷണ സേന, NCC

കാഡറ്റ്സ് ഹരിത കർമ സേനാ പ്രവർത്തകർ പങ്കാളികളായി. കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിൽ നടന്ന ശുചീകരണ യജ്ഞത്തിൽ വിദ്യാർത്ഥികളും മത്സ്യത്തൊഴിലാളികളും പങ്കാളികളായി.

************************

## ലക്ഷദ്വീപ് - ശുചീകരണ ക്യാംപെയ്ൻ

തീരസംരക്ഷ സേന ലക്ഷദ്വീപിലെ കവരത്തി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സംയുക്ത തീരദേശ ശുചീകരണ ക്യാംപെയ്ൻ സംഘടിപ്പിച്ചു. അന്ത്രോത്ത്, മിനിക്കോയ് ദ്വീപുകളിലും കോസ്റ്റ് ഗാർഡ് യൂണിറ്റുകളുടെ നേതൃത്വത്തിൽ തീരദേശ ശുചീകരണ പരിപാടികൾ നടന്നു. സ്വച്ഛതാ ഹി സേവാ ശുചീകരണ ക്യാംപെയ്നിനും ലക്ഷദ്വീപിൽ തുടക്കമായി.

************************

## കൊല്ലം പോർട്ട് - മന്ത്രി ബിന്ദു കൃഷ്ണ

കൊല്ലം തുറമുഖത്തെ വിഴിഞ്ഞത്തിന്റെ സാറ്റലൈറ്റ് പോർട്ടായി വികസിപ്പിക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. കൊല്ലം തുറമുഖ സന്ദർശന വേളയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. സംസ്ഥാനത്തെ രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങളുടെയും 18 അനുബന്ധ തുറമുഖങ്ങളുടെയും വികസനത്തെ സംസ്ഥാന സർക്കാർ വളരെ പ്രാധാന്യത്തോടെ കൂടിയാണ് കാണുന്നത്. ഇതിൻറെ ഭാഗമായി കൊല്ലം തുറമുഖത്തിൻറെ വികസനത്തിന് വിവിധ പദ്ധതികൾ തയ്യാറാക്കി വരികയാണെന്നും ശ്രീമതി ബിന്ദുകൃഷ്ണ പറഞ്ഞു.

************************

PNU TVPM

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************

RNU TVPM

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സംഘടിപ്പിക്കുന്ന ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ പുരോഗമിക്കുന്നു. 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിലൂടെ, 'പ്രഗതി എന്ന പ്ലാറ്റ്ഫോമിന്റെ നേട്ടങ്ങളാണ് ഇന്ന് അവതരിപ്പിക്കുന്നത്. അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ 'പ്രഗതി യിലൂടെ സാധിച്ചു. കേന്ദ്രത്തെയും സംസ്ഥാനങ്ങളെയും ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഒന്നിപ്പിച്ചുകൊണ്ട് സഹകരണ ഫെഡറലിസത്തിന്റെ മികച്ച മാതൃകയായി ഈ സംവിധാനം നിലകൊള്ളുന്നു.

*************************

## കുരുമുളക് - ഇടുക്കി (ഇൻട്രോ)

ഒരു പതിറ്റാണ്ടിനുശേഷം സംസ്ഥാനത്ത് കുരുമുളക് വില കിലോയ്ക്ക് 700 രൂപ കടന്നു. കൊച്ചി-മട്ടാഞ്ചേരി വിപണിയിൽ ഗാർബിൾഡ് കുരുമുളകിന് 724 രൂപയും അൺഗാർബിൾഡിന് 704 രൂപയുമാണ് നിലവിലെ വില. എന്നാൽ ഉൽപ്പാദനത്തിലെ വൻ ഇടിവും കാലാവസ്ഥാ വ്യതിയാനവും കാരണം ഉയർന്ന വിലയുടെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........**

(വോയ്സ്)

***********************

RNUTVPM

## ശാസ്ത്രോത്സവം - പാലക്കാട്

മുപ്പതാമത് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം നവംബർ 18 മുതൽ 21 വരെ പാലക്കാട്ട് മണ്ണാർക്കാട് നടക്കും. ശാസ്ത്രമേളയുടെ സംഘാടക സമിതി രൂപീകരണ യോഗം മന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സ്കൂൾ കായികമേള ഒക്ടോബർ അവസാന വാരം കോഴിക്കോട് എൻ.ഐ.ടിയിലും, സംസ്ഥാന സ്കൂൾ കലോത്സവം ജനുവരിയിൽ എറണാകുളത്തും നടക്കുമെന്നും മന്ത്രി അറിയിച്ചു.

***********************

## മന്ത്രി ബിന്ദു കൃഷ്ണ-ക്ഷീര വികസനം

മൂന്ന് വർഷത്തിനകം പ്രതിദിനം ഒരു കോടി ലിറ്ററിലേക്ക് പാലുത്പാദനം വർധിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. ക്ഷീരവികസന വകുപ്പിന്റെ മേഖലാതല സെമിനാറിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കാലിത്തീറ്റ വിലനിയന്ത്രണത്തിനുള്ള നടപടികൾ തുടരുമെന്നും തീറ്റപ്പുൽ കൃഷിയെ കൂടുതൽ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. യുവാക്കളെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കാനുള്ള പദ്ധതികൾ നടപ്പാക്കിവരികയാണെന്നും ശ്രീമതി ബിന്ദുകൃഷ്ണ വ്യക്തമാക്കി.

************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇന്നും നാളെയും പരക്കെ മഴയ്ക്ക് സാധ്യത. കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

************************

## കള്ളക്കടൽ ജാഗ്രത നിർദേശം

RNU TVPM

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ തീരങ്ങളിൽ നാളെ ഉച്ചയ്ക്ക് 2.30 വരെ ഉയർന്ന തിരമാലകൾക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം.

************************

## ഏഷ്യൻ ഗെയിംസ്

20-ാമത് ഏഷ്യൻ ഗെയിംസിന് ജപ്പാനിൽ ഔദ്യോഗിക തുടക്കം. രണ്ട് തവണ ഒളിമ്പിക് മെഡൽ നേടിയ മനു ഭാക്കറും കബഡി താരം പവൻ സെഹ്റാവത്തും 501 അംഗ ഇന്ത്യൻ സംഘത്തെ നയിച്ചു. ഗെയിംസിലെ മത്സരങ്ങളിൽ വനിതാ ക്രിക്കറ്റ് സെമിഫൈനലിൽ ഇന്ത്യ നാളെ ബംഗ്ലാദേശിനെ നേരിടും.

ടെക്ബോൾ ഇനത്തിൽ, വെങ്കല മെഡലിനായി ക്വിൻസി ഡിസൂസ നാളെ ജപ്പാൻ താരത്തെ നേരിടും.

***********************

## വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്ന് വൈകുന്നേരം 6:15 നും രാത്രി 12:45 നും ഇടയിൽ ഭാഗിക വൈദ്യുത നിയന്ത്രണം ഉണ്ടായിരിക്കുമെന്ന് കെ എസ് ഇ ബി അറിയിച്ചു. പവർ എക്സ്ചേഞ്ച് വഴി ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമാകാത്തതും ഗ്രിഡ് ഫ്രീക്വൻസി കുറയുന്നതും കാരണമാണ് നിയന്ത്രണം.

***********************************************

***********************

RNU TVPM